**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3943** **15-07-2022 - ൽ മറുപടിയ്ക്ക്**

**ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിങ് അസിസ്റ്റന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന് കീഴിൽ നടത്തിവരുന്ന ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിങ് അസിസ്റ്റന്റ് എന്ന കോഴ്സ് സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽ നടത്തുന്നുവെന്ന് വിശദമാക്കാമോ ; | (എ) | **നിലവിൽ ഡിപ്ലോമ ഇൻ ഡെന്റൽ ഓപ്പറേറ്റിങ് റൂം അസിസ്റ്റന്റ് (DORA) എന്ന കോഴ്സ് ഗവൺമെന്റ് ഡെന്റൽ കോളേജ് തിരുവനന്തപുരം, ഗവൺമെന്റ് ഡെന്റൽ കോളേജ് കോഴിക്കോട് എന്നിവിടങ്ങളിലും സ്വകാര്യ സ്വാശ്രയ കോളേജുകളായ Pushpagiri College of Allied Health Sciences (പത്തനംതിട്ട), Malabar Dental college and Research Centre (മലപ്പുറം) എന്നിവിടങ്ങളിലുമാണ് നടത്തപ്പെടുന്നത്.** |
| (ബി) | പ്രസ്തുത കോഴ്സിന് സംസ്ഥാനത്ത് മൊത്തം എത്ര സീറ്റുകളാണ് നിലവിലുള്ളതെന്നും, കോഴ്സ് പൂർത്തിയായവർക്ക് ജോലി ലഭിക്കുന്നതിനായി സംസ്ഥാനത്ത് എത്ര തസ്തികകളാണ് നിലവിലുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) | പ്രസ്തുത കോഴ്സിന് സർക്കാർ തലത്തിൽ 24 സീറ്റുകളും, സ്വകാര്യ മേഖലയിൽ 30 സീറ്റുകളുമാണ് ഉള്ളത്. **10 ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികകളാണ് വകുപ്പിൽ നിലവിലുള്ളത്.** |
| (സി) | പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്ഥാപനങ്ങളിലുള്ള തസ്തികകൾക്ക് ആനുപാതികമായി സ്വകാര്യ ഡെന്റൽ കോളേജുകളിലും മറ്റും ഈ തസ്തിക നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (സി) | ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്. |
| (ഡി) | പ്രസ്തുത യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള തസ്തികകളിലേക്ക് അവസാനമായി പി.എസ്.സി. വഴി നിയമനം നടത്തിയതെപ്പോഴാണ് എന്ന് അറിയിക്കാമോ ; | (ഡി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള 10 ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികളിലെയും ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ഇ) | പ്രസ്തുത യോഗ്യത നേടിയതിന് ശേഷം തൊഴിൽരഹിതരായുള്ളവർക്ക് നിയമന ലഭ്യത ഉറപ്പ് വരുത്തുന്നതിന് നിലവിൽ ഒഴിവുള്ള എല്ലാ തസ്തികളിലേക്കും പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഇ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ള 10 ചെയർ സൈഡ് അസിസ്റ്റന്റ് തസ്തികളിലെയും ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ഇതുവരെയും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ